**നർമ്മം**

# ത്രുശ്ശൂരിൽ മരണമില്ല

**സുധീർ പണിക്കവീട്ടിൽ**



(മലയാള നർമ്മസാഹിത്യ സാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്നു യശ്ശഃശരീരനായ വി.കെ.എൻ എഴുതിയ പയ്യൻ കഥകളിലെ "അമരൻ" എന്ന കഥയെ ആധാരമാക്കി രചിച്ചത്. )

കഥ നടന്നത് കുറച്ച് കൊല്ലങ്ങൾക്ക് മുമ്പാണു്. മൂന്നു ശിവന്മാർ ത്രുക്കൺ പാർത്ത്കൊണ്ട് ത്രുശ്ശൂരിനെ കാത്തുകൊള്ളുന്നുണ്ടെങ്കിലും അവിടത്തെ ആളുകൾ സമയമടുക്കുമ്പോൾ മരിച്ചിരുന്നു. ആളുകൾക്ക് അതിൽ പരാതിയില്ലായിരുന്നു. കാരണം മരണം അനിവാര്യമാണല്ലൊ? എന്നാൽ എല്ലാവരേയും അത്ഭുതപ്പെടുത്തികൊണ്ട് അവിടെ നിന്നു മരണം പെട്ടെന്ന് അപ്രത്യക്ഷമായി. മുത്തി ചത്ത് കട്ടിലൊഴിയാൻ കാത്തിരുന്നവരെപ്പോലെയുള്ളവർക്ക് ഇതിൽ വലിയ നിരാശയുണ്ടായി. എന്തു കൊണ്ടാണു് കാലൻ ത്രുശ്ശൂരിലേക്ക് വരാത്തത്. ഈ വിവരമറിഞ്ഞ് മരിക്കാൻ മനസ്സില്ലാത്തവർ ത്രുശ്ശൂരിലേക്ക് കുടിയേറിപ്പാർത്തു. തന്മൂലം അവിടെ ഭൂമിക്ക് വില കൂടി. സംസ്കാര നിലവാരത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടായി (ത്രുശ്ശൂരിനെ കേരളത്തിന്റെ സംസ്കാരിക കേന്ദ്രം എന്നു പറയുന്നുണ്ടല്ലൊ) കാലനെയും പേടിപ്പിക്കുന്ന എന്താണു ആ ദേശത്തുള്ളതെന്നറിയാൻ ആളുകൾ ആകാക്ഷപൂണ്ടു. അങ്ങോട്ടുള്ള ആളുകളുടെ പ്രവാഹം കണ്ട് ദേവന്മാർ പരിഭ്രാന്തരായി. ജനപ്പെരുപ്പം മൂലം ഭൂമിയുടെ സന്തുലിതാവസ്ഥ തകരാറിലാകുമെന്ന് ഭയപ്പെട്ട് വിവരം വടക്കുംനാഥനെ അറിയിച്ചു ഈ ലോകം രക്ഷിക്കാൻ "കാളകൂടവിഷം" കുടിച്ചവനാണു ഞാൻ, നിങ്ങൾ ഭയപ്പെടേണ്ട. ഞാൻ പാർക്കലാം. ശിവൻ അത് പറഞ്ഞ് പുഞ്ചിരിച്ചു. അത് കേട്ട് നിന്ന ബുദ്ധിമാനായ വേറൊരു ദൈവത്തിനു ആ ചിരി അത്ര പിടിച്ചില്ല. (ക്ഷമിക്കണം മുപ്പത്തിമുക്കോടി ദൈവങ്ങളുണ്ടെന്ന് വിശ്വസിക്കുന്നവർ ഭാരതത്തിൽ കൂടുതലാണല്ലോ, അതുകൊണ്ടാണല്ലോ ഒരു ദൈവം എന്ന്പറയുമ്പോൾ അവർക്കൊക്കെ അത്ഭുതവും വിശ്വസിക്കാൻ പ്രയാസവും) വിഷം കുടിച്ച വീര്യം പറയുന്ന ശിവനെ നോക്കി അദ്ദേഹം ചോദിച്ചു " അന്ന് പാർവതി കയറി പിടിച്ചില്ലായിരുന്നെങ്കിൽ കാണാമായിരുന്നു. "നമഃശ്ശിവായ. ത്രുശ്ശൂർ അമരന്മാരുടെ രാജ്യമായ

കാരണമറിയാൻ ജനം ഉത്സുകരായി നിൽക്കുമ്പോഴാണു സംഗതിയുടെ ചുരുൾ അഴിഞ്ഞത്.

കാലൻ അപ്രത്യക്ഷനാകാനുള്ള കാരണം പ്രശസ്ത എഴുത്തുകാരനായിരുന്ന ശ്രീ വി.കെ.എൻ. അദ്ദേഹത്തിൻെറ "പയ്യൻ കഥകൾ" എന്ന പുസ്തകത്തിൽ എഴുതിയിരിക്കുന്നു. അത് എന്താണെന്ന് പറയാം. അദ്ദേഹം എഴുതിയപോലെയല്ല മറിച്ച് ഈ ലേഖകൻെറ അവതരണ ഭാഷ്യത്തിൽ, ശൈലിയിൽ. സംഭവം ഇങ്ങനെയാണു്. ഇട്ടൂപ്പ് മുതലാളി ( നമ്മുടെ ത്രുശ്ശൂർക്കാരൻ തന്നെ) ഒരു പയ്യനുമൊത്ത് തേക്കിൻ കാട് മൈതാനത്ത് വിശ്രമിക്കുകയായിരുന്നു. "ഒന്നാം രാഗം പാടി"ഒന്നിനെ മാത്രം തേടി ചിലരൊക്കെ വടക്കുംന്നാഥൻെറ മുന്നിൽ വന്നുപോകുന്നത് ഇട്ടൂപ്പ് മുതലാളി ശ്രദ്ധിച്ച്കൊണ്ടിരുന്നു. സ്വരാജ് റൗണ്ടിലൂടെ ബസ്സുകൾ തെക്കോട്ടും വടക്കോട്ടും ഓടുന്നു. അങ്ങനെയിരുന്ന് നേരം ഇരുട്ടി. മേലോട്ട് നോക്കിയപ്പോൾ നക്ഷ്ത്രങ്ങൾ നിറഞ്ഞ ആകാശം.

ഇട്ടൂപ്പ് മുതലാളി പയ്യനോട് പറഞ്ഞു " ഡാ അങ്ങഡു നോക്ക് എന്തൊരു ഭംഗി. പയ്യൻ അത് കണ്ട് ആഹ്ലാദപ്രകടനം നടത്തി. "ക്ഷീരതാരാചർച്ചിതമായ പൂംശരൽക്കാലാകാശം" അത്കേട്ട് ഇട്ടൂപ്പ് മുതലാളി ചോദിച്ചു.
"എന്തൂട്ട്, എന്തൂട്ട്"
പയ്യൻ പറഞ്ഞു ''നക്ഷത്രങ്ങൾ നിറഞ്ഞ ആകാശാന്ന് തന്നെ"
''എന്നാ, പിന്നെ അതങ്ങ് പറഞ്ഞാൽ പോരേ. നീ എന്തിനാ ചർച്ചാണു, ക്ഷീരാന്നൊക്കെ പറേണത് നിങ്ങളു സാഹിത്യകാരന്മാർ തെണ്ടികൾ , ഈ നാടു മുടിക്കും.'' ഇതു പറയുമ്പോൾ ഇട്ടൂപ്പ് മുതലാളിക്ക് അമേരിക്കൻ മലയാളി സാഹിത്യകാരന്മാരെപ്പറ്റി ഒരു പക്ഷെ അറിവില്ലായിരുന്നു. അല്ലെങ്കിൽ അവിടെ ഇന്നത്തെപ്പോലെ സാഹിത്യകാരന്മാർ ഇല്ലായിരിന്നിരിക്കാം. ഇന്നാണെങ്കിൽ ഇട്ടൂപ്പ് മുതലാളി പറഞ്ഞേനെ " ആർക്കും വായിക്കാൻ വേണ്ടങ്കിൽ നീയൊക്കെ എന്തിനാടാ എഴുതി സമയം കളയുന്നത്.

ഇവിടെ നിന്നുള്ള മലയാള പ്രസിദ്ധീകരണങ്ങൾ കാണുമ്പോൾ അതിലെ ഇവിടത്തെ എഴുത്തുകാരുടെ രചനകൾ കാണുമ്പോൾ കടിക്കാൻ പുറകെ വരുന്ന പട്ടിയെ കണ്ട് ഓടുന്നപോലെ ആളുകൾ പേടിച്ച് ഓടിയിരുന്നു. ഇപ്പോൾ ജനം അത് ഗൗനിക്കാതെ നടക്കയാണു. ഫലത്തിൽ രണ്ടും ഒന്ന് തന്നെ.

ഇട്ടൂപ്പ് മുതലാളി പയ്യനോട് " എന്താണ്ടാ അടുത്ത പരിപാടി"
"ഇമ്മക്ക് സിനിമക്ക് പുവ്വാം"
സിനിമയൊന്നും വേണ്ട, വേറെ വല്ലതും"
പയ്യൻ സന്തോഷത്തോടെ പറഞ്ഞു." ടൗൺഹാളിൽ നാടകമുണ്ട്" സത്യവാൻ സാവിത്രി. ഇട്ടൂപ്പ് മുതലാളിയും പയ്യനും കൂടി നാടകം കാണാൻ പോയി. മുതലാളിയുടെ സ്ഥലത്തെ പ്രധാന ദിവ്യത്വം മാനിച്ച് രണ്ടാം നിരയിൽ സ്ഥാനം കിട്ടി. മുൻ നിരയിൽ കളക്ടർ, സബ്ബ് കളക്ടർ, ഡി.എസ്.പി മുതലായവർ. സത്യ്വാൻ സാവിത്രി നാടകത്തിൻെറ അവസാന രംഗം അരങ്ങേറുകയാണു. ഈ രംഗത്തിൽ സത്യ്വാൻെറ ജീവനും

കൊണ്ട് യമൻ പോകുമ്പോൾ പാതിവ്രത്യബലം കൊണ്ട് അത് കാണാൻ കഴിഞ്ഞ സാവിത്രി യമന്റെ പുറകെ ചെന്ന് ഭർത്താവിന്റെ ജീവൻ തിരിച്ച് ചോദിക്കുന്നതാണു. സദസ്സ് നിശ്ശബ്ദം. സാവിത്രി കരഞ്ഞ്കൊണ്ട് യമനോട് " എന്റെ ഭർത്താവിനെ തിരിച്ച് തരണം, അദ്ദേഹത്തിന്റെ ജീവൻ കൊണ്ട് പോകല്ലേ.. എന്ന് തൊഴുത് യാചിക്കുകയാണു. എന്നാൽ യമനു യാതൊരു കൂസലുമില്ല. അയാൾ സത്യവാന്റെ ജീവൻ കയർകൊണ്ട് കെട്ടി പുറപ്പെടുകയാണു. ഇതിനെക്കാൾ വലിയ ഒരക്രമം ഉണ്ടോ? ഇട്ടൂപ്പ് മുതലാളി ചിന്തിച്ചു. മുൻനിരയിൽ ഇരിക്കുന്ന പോലീസുദ്യോഗസ്ഥൻ ഈ രംഗം കണ്ട് അനങ്ങതിരിക്കുന്നത് ഇട്ടൂപ്പ് മുതലാളിയെ അത്ഭുതസ്തബ്ദനാക്കി. സാവിത്രി എത്ര യാചിച്ചിട്ടും യമൻ ജീവൻ തിരിച്ച് കൊടുക്കുന്ന ലക്ഷണമില്ല.

ഇട്ടൂപ്പ് മുതലാളി ജുബ്ബയുടെ കൈ ചുരുട്ടി കയറ്റി. സ്വർണ്ണമാല നേരെയിട്ടു മുണ്ട് മടക്കി കുത്തി. നേരെ സ്റ്റേജിലേക്ക് കയറി ചെന്നു. അത് കണ്ട വേദിയിലെ നടീനടന്മാർ സ്തബ്ദരായി. സദസ്സ് പകച്ചിരുന്നു. ഇട്ടൂപ്പ് മുതലാളി യമനോട് " കൊടുക്കഡാ.. ജീവൻ കൊടുക്കഡാ.....

യമൻ ഒരടി പിന്നോക്കം വക്കുന്നു. സംഭ്രമകരമായ നിമിഷങ്ങൾ....

എത്ര നേരായടാ ഒരു പെണ്ണുമ്പിള്ള കെട്ടിയോന്റെ ജീവനു വേണ്ടി യാചിക്ക്ണു, കൊടുക്കഡാ ജീവൻ...

യമൻ എന്തു ചെയ്യണമെന്നറിയാതെ അന്തം വിട്ടു നിന്നു.

ഇട്ടൂപ്പ് മുതലാളി മുന്നോട്ടാഞ്ഞ് ഒരു ആക്രോശം

"കൊടുക്കഡാ.."

യമൻ കയർ നിലത്തെറിഞ്ഞ് ഓടടാ, ഓട്ടം. അതിനു ശേഷം തൃശ്ശൂരിൽ മരണമുണ്ടായിട്ടില്ല.

വാൽകഷണംഃ പിന്നീട് സത്യാവസ്ഥ മനസ്സിലാക്കിയതിനു ശേഷം യമൻ വീണ്ടും വരാൻ തുടങ്ങുകയും തൃശ്ശൂരിലെ മരണ നില വീണ്ടും ക്രമമാകുകയും ചെയ്തു.

(താൽപ്പര്യമുള്ള വായനക്കാർ വി.കെ.എൻ ന്റെ പയ്യൻ കഥകൾ എന്ന പുസ്തകം വായിച്ച് ആസ്വദിക്കുക. നാട്ടിൽ പോകുമ്പോൾ ഒരു കോപ്പി കരസ്ഥമാക്കുക)